# ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ ഇടുക്കി

സിവിൽ സ്റ്റേഷൻ ഇടുക്കി പൈനാവ് പി.ഒ. പിൻ. 685603

E-Mail.info@dtpcidukki.com ഫോൺ. 04862232248

---

നം.ഡി.റ്റി.പി.സി/എ1/619/2013 തീയതി:01/01/2020.

## ക്വട്ടേഷൻ നോട്ടീസ്.

ഇടുക്കി ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിന്റെ ഉടമസ്ഥതയിൽ മൂന്നാറിൽ ഉള്ള താഴെ വിവരിക്കുന്ന കടമുറികൾ 11 മാസക്കാലത്തേയ്ക്ക് വാടകയും സെക്യൂരിറ്റിയും മുൻകൂറായി അടച്ച് വാടകയ്ക്ക് എടുക്കാൻ തയ്യാറുള്ളവരിൽ നിന്നും ക്വട്ടേഷൻ ക്ഷണിക്കുന്നു.

| ക്രമ നമ്പർ | മുറിയുടെ വിവരം | സെക്യൂരിറ്റി തുക | ഇ.എം.ഡി തുക |
|---|---|---|---|
| 1. | ബൊട്ടാണിക്കൽ ഗാർഡനിലുള്ള കെട്ടിടത്തിലെ റോഡരികിൽ നിന്നും രണ്ടാമതായുള്ള മുറി (ഹാന്റിക്രാഫ്റ്റ് &സുവനീർ ഷോപ്പ്) | രൂപ 1 ലക്ഷം | രൂപ 10,000/- |

### ക്വട്ടേഷൻ സംബന്ധിച്ച വ്യവസ്ഥകൾ

1. സീൽ ചെയ്ത ക്വട്ടേഷനോടൊപ്പം ഡി.റ്റി.പി.സി സെക്രട്ടറിയുടെ പേരിൽ എസ്.ബി.റ്റി. ഇടുക്കി ബ്രാഞ്ചിൽ മാറാവുന്ന മുകളിൽ സൂചിപ്പിച്ച പ്രകാരമുള്ള ഇ.എം.ഡി. തുകയുടെ ഡി.ഡി. ചേർത്തിരിക്കേണ്ടതാണ്.
2. ഓരോ കെട്ടിടത്തിനും 11 മാസക്കാലത്തേക്ക് ഒരുമിച്ച് അടയ്ക്കേണ്ട വാടക തുകയാണ് ക്വട്ടേഷനിൽ ചേർക്കേണ്ടത്.
3. ക്വട്ടേഷൻ സമർപ്പിക്കുന്ന കവറിന്റെ പുറത്ത് ഏതിനുള്ളതാണെന്ന് പ്രത്യേകം ചേർത്തിരിക്കേണ്ടതാണ്. ഓരോ കെട്ടിടത്തിനും പ്രത്യേകം ക്വട്ടേഷനുകൾ സമർപ്പിക്കേണ്ടതാണ്.
4. ക്വട്ടേഷൻ 06.01.2020-ന് 3 പി.എം.-ന് മുൻപ് ഇടുക്കി സിവിൽ സ്റ്റേഷനിൽ ഉള്ള ഡി.റ്റി.പി.സി ആഫീസിൽ നേരിട്ടോ തപാൽ മുഖേനയോ സ്വീകരിക്കുന്നതാണ്. താമസിച്ച് ലഭിക്കുന്ന ക്വട്ടേഷനുകൾ സ്വീകരിക്കുന്നതല്ല. ക്വട്ടേഷനുകൾ 07.01.2020 രാവിലെ 11.30-ന് ഡി.റ്റി.പി.സി ആഫീസിൽ വച്ച് തുറക്കുന്നതാണ്.
5. ഏറ്റവും കൂടുതൽ തുക രേഖപ്പെടുത്തിയ ആളുടെ പേരിൽ ക്വട്ടേഷൻ താൽകാലികമായി ഉറപ്പിക്കുന്നതും കടമുറികളുടെ ക്വട്ടേഷൻ തുകയുടെ മുന്നിൽ ഒന്ന് ഭാഗം അപ്പോൾ തന്നെ അടക്കേണ്ടതുമാണ്. ക്വട്ടേഷൻ സ്ഥിരപ്പെടുത്തി അറിയിപ്പ് ലഭിക്കുന്ന മുറക്ക് സമയ പരിധിക്കുള്ളിൽ ബാക്കി വാടകയും സെക്യൂരിറ്റി തുകയും അടച്ച് കരാർ വയ്ക്കേണ്ടതാണ്.
6. മേൽ ക്വട്ടേഷൻ നടപടികൾ നടത്തുന്നതിനോ വേണ്ടന്ന് വയ്ക്കുന്നതിനോ ഉള്ള പൂർണ്ണ അധികാരം താഴെ ഒപ്പിട്ടിരിക്കുന്ന ഓഫീസറിൽ നിക്ഷിപ്തമാണ്.

മേൽ വിവരിച്ചവ കൂടാതെ ക്വട്ടേഷൻ സംബന്ധിച്ച പൊതു നിബന്ധനകൾ എല്ലാം ഇതിനും ബാധകമായിരിക്കും.

കൂടുതൽ വിവരങ്ങൾക്ക് ഡി.റ്റി.പി.സി ആഫീസുമായി ബന്ധപ്പെടുക
ഫോൺ. 04862 232248.
Web Site:www.dtpcidukki.com

സെക്രട്ടറി
ഡി.റ്റി.പി.സി ഇടുക്കി

പകർപ്പ്:-

1. വില്ലേജ് ആഫീസ്, കെ.ഡി.എച്ച് (നോട്ടീസ് ബോർഡിൽ പരസ്യപ്പെടുത്തുന്നതിന്)
2. പഞ്ചായത്ത് ആഫീസ്, മൂന്നാർ & വാഴത്തോപ്പ് ''
3. ബൊട്ടാണിക്കൽ ഗാർഡൻ മൂന്നാർ ''
4. ഡി.റ്റി.പി.സി ആഫീസ് നോട്ടീസ് ബോർഡ് ഇടുക്കി
5. ഡി.റ്റി.പി.സി ഇൻഫർമേഷൻ ആഫീസ്, മൂന്നാർ
6. മനോരമ, ദേശാഭിമാനി

DISTRICT TOURISM PROMOTION COUNCIL PAINAVU P.O. Pin - 685 603. IDUKKI